**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4134** **28-06-2024 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാര പരിശോധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. കെ. പി. എ. മജീദ്** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ഹോട്ടലുകളിൽ നടത്തുന്ന പരിശോധനകളിൽ വൃത്തിയില്ലാത്ത സ്ഥലത്തു ഭക്ഷണം സൂക്ഷിക്കുക, പഴകിയ ഭക്ഷണം വിൽക്കുക, ഭക്ഷണത്തിൽ നിറം ചേർക്കുക തുടങ്ങിയവ കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഹോട്ടലുകളിൽ നടത്തുന്ന പരിശോധനകളിൽ വൃത്തിയില്ലാത്ത സ്ഥലത്തു ഭക്ഷണം സൂക്ഷിയ്ക്കുക, പഴകിയ ഭക്ഷണത്തിന്റെ വിൽപ്പന, ഭക്ഷണത്തിൽ നിറം ചേർക്കൽ തുടങ്ങിയവ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി 2023-2024 സാമ്പത്തിക വർഷത്തിൽ നടത്തിയ 65432 പരിശോധനകളിൽ ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതിരുന്ന 7343 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും 9642 സ്ഥാപനങ്ങൾക്ക് കോമ്പൗണ്ടിംഗ് നോട്ടീസ് നൽകുകയും 40545150/- **രൂപ (നാല് കോടി അഞ്ച് ലക്ഷത്തി നാൽപ്പത്തി അയ്യായിരത്തി ഒരുനൂറ്റ് അൻപത് രൂപ മാത്രം)** പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 10466 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധന നടത്തിയതിൽ 1584 സാമ്പിളുകൾ Non Conforming ആയി പരിശോധനാ ഫലം ലഭ്യമാവുകയും തുടർന്ന് ഇവർക്കെതിരെ ചട്ടപ്രകാരം നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ആരോഗ്യത്തിന് ദോഷകരമായ ഭക്ഷണം വിൽക്കുന്നവർക്കെതിരെ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (ബി) | സാമ്പിൾ പരിശോധനയുടെ അടിസ്ഥാനത്തിൽ സുരക്ഷിതമല്ലാത്ത ഭക്ഷണം വിറ്റവർക്കെതിരെ പ്രോസിക്യൂഷൻ നടപടികളും നിലവാരമില്ലാത്ത ഭക്ഷണം വിറ്റവർക്കെതിരെ അഡ്ജ്യൂഡിക്കേഷൻ നടപടികളും സ്വീകരിച്ച് വരുന്നു. 2023-24 സാമ്പത്തിക വർഷത്തിൽ ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട് 746 പ്രോസിക്യൂഷൻ കേസുകളും 982 അഡ്ജ്യൂഡിക്കേഷൻ കേസുകളും ഫയൽ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ